

**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**

**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**

**06 December 2019**
**09 Rabi'ul Aakhir 1441 AH**

# GHIBBAT… SOME HADITHS (PART 8)
## Surah Al-Hujurat (Chapter-19)
## പരദൂഷണം… ചില പ്രവാചക വചനങ്ങൾ (ഭാഗം 8)

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **പരദൂഷണം… ചില പ്രവാചക വചനങ്ങൾ (ഭാഗം 8)** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

അൽഹംദുലില്ലാഹ് *ഗീയ്ബത്ത്* എന്ന വിഷയം ഇന്നും തുടരുകയാണ്. കൃത്യമായി പറഞ്ഞാൽ ചില പ്രവചാക വചനങ്ങളെ ആധാരമാക്കിയാണ് *ഗീയ്ബത്ത്* എന്ന വിഷയം ഇന്നും തുടരുന്നത്. പരദൂഷണം പറയൽ, ഇല്ലാകാര്യം പറയൽ, മറ്റുള്ളവരെ കുറിച്ചു മോശമായി കരുതൽ, മറ്റുള്ളവരുടെ വിവരങ്ങൾ ചോർത്തൽ തുടങ്ങിയ മോശം പ്രവർത്തികളെകുറിച്ചുള്ള ഉപദേശങ്ങളാണ് നല്കുന്നത്.

ഞാൻ രണ്ടാമതായി ദൈർഘ്യമേറിയ ഒരു ഹദീസാണ് ഉദ്ധരിക്കുന്നത്, കിതാബ് മുസ്ലിമിലും ബുഖാരിയിലും കിതാബുൽ അദബ് എന്ന അധ്യായത്തിൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു.

അബൂഹുറൈറ (റ) റിപ്പോർട്ട് ചെയ്തിരിക്കുന്നു. അല്ലാഹുവിന്റെ ദൂതൻ(സ) പറഞ്ഞിരിക്കുന്നു. സംശയങ്ങൾ അവഗണിക്കുക, സംസാരത്തിലെ ഏറ്റവും ഗുരുതരമായ കള്ളം സംശയമാണ്. നിങ്ങൾ പരസ്പരം ചാരപ്രവർത്തി നടത്തുകയുമരുത്. നിങ്ങൾ പരസ്പരം ശത്രുതവെച്ചു പുലർത്തുകയുമരുത്. നിങ്ങൾ തമ്മിൽ തമ്മിൽ തിന്മകളെ പരിപോഷിപ്പിക്കരുത്, അതുപോലെ നിങ്ങൾ പരസ്പരം ശത്രുതയും അവഗണനയും നട്ടുവളർത്തരുത്,

നിങ്ങൾ സഹസഹോദരന്മാരും, അല്ലാഹുവിന്റെ സേവകരുമാകുക. (മുസ്ലിം) ഈ ഹദീസിന്റെ മറ്റൊരു രൂപത്തിൽ കിതാബ് മുസ്ലിമിൽ ഇപ്രകാരം വന്നിരിക്കുന്നു. ഹസ്രത് മുഹമ്മദ് മുസ്ത ഫ(സ) നമ്മോട് പറയുന്നു അതായത് ബദ്സാനിയിൽ നിന്നും അകന്നു നില്ക്കുവാൻ നമ്മോട് കല്പിക്കുന്നു. അതായത് ഒരാ ളെകുറിച്ച് മോശമായി ചിന്തിക്കുന്നതിൽ നിന്നും വിദൂരപ്പെട്ടു നില്ക്കുവാൻ കല്പിക്കുന്നു. കാരണം ബദ്സാനി മോശാവസ്ഥ യിലുള്ള ഒരുകളവാണ്. മറ്റുള്ളവരുടെ തെറ്റുകൾ നോക്കി ക്കൊണ്ടിരിക്കുന്ന പ്രവണത ഉപേക്ഷിക്കുക. നിങ്ങളുടെ സഹോദരങ്ങളുടെ മേൽ നിങ്ങൾ ചാരവൃത്തി നടത്തരുത്. നല്ല കാര്യങ്ങൾക്കായി നിങ്ങൾ അത്യാർത്തി കാണിക്കരുത്; നിങ്ങൾ അസൂയാലുക്കളാകരുത്. നിങ്ങളുടെ സഹോദരങ്ങളുമായി ശത്രുതയിലായിരിക്കരുത്. നിങ്ങൾ നിർബന്ധബുദ്ധിക്കാരാനു മാകരുത്. നിങ്ങളുടെ സഹോദരങ്ങളുമായുള്ള ബന്ധം വിഛേ ദിക്കരുത്. നിങ്ങൾ അല്ലാഹുവിന്റെ സേവകന്മാരായി തീരുക. നിങ്ങൾ യഥാർത്ഥ സഹോദരങ്ങളായി ജീവിക്കുക. ഒരു മുസ്ലിം മറ്റൊരു മുസ്ലിമിന്റെ സഹോദരനാണ്. നിങ്ങൾക്കിടയിൽ നിങ്ങൾ അനീതി പ്രവർത്തിക്കരുത്. ഒരു മുസ്ലിം തന്റെ സഹോദരനെ തരം താഴ്ത്തുകയില്ല. അവനെ അപമാനിക്കുകയുമില്ല.

ഹസ്രത് മുഹമ്മദ് മുസ്തഫ(സ) തന്റെ ഹൃദയത്തിലേക്ക് ചൂണ്ടിക്കൊണ്ട് പറയുകയുണ്ടായി. തഖ്വ ഇവിടെയാണ് കുടിയിരിക്കുന്നത്. ഈ ഹദീസിന്റെ പരിഭാഷകർ ഒരുരീതിയി ലാണ് ഇതിനെ മനസ്സിലാക്കിയിട്ടുള്ളത്, ഹൃദയത്തിലാണ് തഖ്വ ഉള്ളതെന്ന്! തഖ്വ നമുക്ക് കണ്ടെത്തുവാൻ കഴിയുന്നത് ഹൃദ യത്തിലാണെന്ന്! എന്നാൽ ഞാൻ ഇത് മനസ്സിലാക്കിയത് ഈ നിലയിലാണ്; തഖ്വ യഥാർത്ഥമായ നിലയിൽ അളക്കുന്നത് ഹൃദ യമാകുന്നു. മറ്റൊരു രീതിയിൽ പറഞ്ഞാൽ തഖ്വ അളക്കു വാൻ ഹൃദയമല്ലാത്ത മറ്റൊരു ഉപകരണവുമില്ല. ഈ അർത്ഥമ ല്ലാത്ത മറ്റൊരു അർത്ഥമെടുത്താൽ സ്വീകാര്യയോഗ്യമായ മറ്റൊരു അളവു പാത്രമില്ല. ഹൃദയത്തിലേക്ക് ചൂണ്ടി കാണിച്ചുകൊണ്ട് ഹസ്രത് മുഹമ്മദ് മുസ്തഫ(സ) തഖ്വ ഇവി ടെയാണ് എന്നുപറയുമ്പോൾ, അതുകൊണ്ട് അർത്ഥമാക്കു ന്നത് തഖ്വ ഹൃദയത്തിൽ നിങ്ങൾക്ക് കണ്ടെത്തുവാൻ

കഴിയും എന്നല്ല. അതങ്ങനെയല്ല. ഇനി അങ്ങനെ ഏത് ഹൃദയത്തിൽ തവ്വ ഇല്ല എന്ന് എങ്ങനെ മനസ്സിലാക്കുവാൻ സാധിക്കും. ദശലക്ഷക്കണക്കിന് ഹൃദയങ്ങളുണ്ട്, അവിടെ തവ്വയുടെ ഒരു പൊടിപോലുമില്ലാത്തതായി! ആയതിനാൽ, അതുകൊണ്ടർത്ഥമാക്കുന്നത്, ഹൃദയത്തിലല്ല എന്നുതന്നെയാണ്. ഹൃദയത്തിലാണ് എന്നാണ് അതിന്റെ അർത്ഥമെങ്കിൽ, പ്രസ്തുത സമയത്ത് ഹസ്രത് മുഹമ്മദ് മുസ്തഫ(സ)യുടെ ഹൃദയത്തിലുണ്ട് എന്ന് പരാമർശിക്കേണ്ടതായിരുന്നു. അതായത് തവ്വ നബികരീം(അ)ന്റെ ഹൃദയത്തിൽ ഉണ്ട് എന്ന് പറയേണ്ടിയിരുന്നു. തവ്വ നിങ്ങൾക്ക് എങ്ങനെ നേടാം എന്ന് നിങ്ങൾ പഠിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, നിങ്ങൾ അത് ഹസ്രത് മുഹമ്മദ് മുസ്തഫ(സ)യിൽ നിന്നുതന്നെ പഠിക്കേണ്ടതായിട്ടുണ്ട്.

അതല്ലാതെ, മറ്റൊരുവഴിയുമില്ല, തവ്വയുടെ യാഥാർത്ഥ്യം ഗ്രഹിക്കുവാൻ അതല്ലാതെ മറ്റൊരുപാത നിങ്ങൾ കണ്ടെത്തുകയില്ല. ഈ നിലയിൽ നാം കാര്യങ്ങൾ നോക്കികാണുമ്പോൾ, അദ്ദേഹം പറഞ്ഞ എല്ലാവാക്കുകളും, തവ്വ സംബന്ധമായി പറഞ്ഞ എല്ലാവാക്കുകളും, തവ്വയുടെ ലഘുവിവരണങ്ങളാണ്.

നിങ്ങൾക്ക് ചിന്തിക്കാം, നിങ്ങൾക്ക് നോക്കികാണാം, ഏതെല്ലാം സമയങ്ങളിൽ നിന്ന് നമുക്ക് അത് കിട്ടും. എവിടെയൊക്കെ വെച്ച് അത് നമുക്ക് നഷ്ടപ്പെട്ടു പോകും. ഈ സ്ഥലങ്ങളിൽ നിന്ന് നമ്മെ സംരക്ഷിക്കുന്നതിന് പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ) അടയാളങ്ങൾ നല്കിയിട്ടുണ്ട്. തവ്വയുടെ ഈഫലങ്ങളാണ് നമ്മുടെ സംരക്ഷണം.

അതുകൊണ്ട്, ഇതിന്റെ വെളിച്ചത്തിൽ, ഇതുകൊണ്ടർത്ഥമാക്കുന്നത് ഞാൻ നിങ്ങളോട് പറയുന്നു. എവിടെയൊക്കെയാണോ തടസ്സങ്ങളുള്ളത്, എവിടെയക്കൊയാണോ വളഞ്ഞുപുളഞ്ഞ വഴികളുള്ളത്, എവിടെയൊക്കെയാണോ കെണികൾ ഒരുക്കപ്പെട്ടിരിക്കുന്നത്, അതൊക്കെ ഞാൻ നിങ്ങളെ മനസ്സിലാക്കി തരുകയാണ്, എന്തൊക്കെയാണ് നിങ്ങളുടെ മുൻപിലുള്ള അപകടങ്ങളെന്ന്! ഈ ജീവിതയാത്രയിൽ, എന്റെ ഈ അടയാളങ്ങൾ നിങ്ങൾ സൂക്ഷ്മതയോടെ നോക്കി

കാണുക. ഈ മാർഗ്ഗരേഖകൾക്കപ്പുറത്തേക്ക് നിങ്ങൾ പോകരുത്. അങ്ങനെ പോയാൽ നിങ്ങൾ പ്രയാസങ്ങളിൽ അകപെടുന്നതാണ്. എന്നിട്ട് അദ്ദേഹം തുടർന്നു പറഞ്ഞു, ഒരു മുസ്ലിം, അവൻ മറ്റൊരു മുസ്ലിമിനെ വിമർശിച്ചാൽ, അതുമാത്രം മതി അവൻ ഒരു തിന്മയിൽ അകപ്പെടാൻ! ഒരു മുസ്ലിമിന്റെ മൂന്ന് കാര്യങ്ങൾ മറ്റൊരു മുസ്ലിമിന് ഹറാമാണ്, നിഷിദ്ധമാണ്.

1. അവന്റെ രക്തം
2. അവന്റെ മാന്യത
3. അവന്റെ ധനം

അല്ലാഹു(ത) നിങ്ങളുടെ മുഖസൗന്ദര്യത്തിലേക്ക് നോക്കുന്നില്ല. നിങ്ങളുടെ ശരീരസൗന്ദര്യത്തിലേക്കും നോക്കുന്നില്ല. നിങ്ങളുടെ സാധന സാമഗ്രികളിലേക്കും നോക്കുന്നില്ല. അല്ലാഹു(ത) നിങ്ങളുടെ ഹൃദയത്തിലേക്ക് മാത്രമാണ് നോക്കുന്നത്.

മറ്റൊരു പ്രവാചക വചനത്തിൽ പരാമർശിക്കപ്പെട്ടിരിക്കുന്നു. അതായത് ഹസ്രത് മുഹമ്മദ് മുസ്തഫ(സ) പറഞ്ഞു. നിങ്ങൾക്കിടയിൽ അസൂയ ഉണ്ടാകാൻ പാടില്ല. മറ്റുള്ളവരുടെ കച്ചവടത്തേയും കൊടുക്കൽ വാങ്ങലുകളെയും നിങ്ങൾ നശിപ്പിക്കരുത്. നിങ്ങളുടെ ഉപഭോക്താക്കളോട് നിങ്ങൾ വളരെ വലിയ വില ചോദിക്കരുത്. ഉപഭോക്താക്കളെ ആകർഷിക്കുവാനായി അതിരു കടന്ന വില ചോദിക്കരുത്; അനർഹമായ നിലയിൽ വ്യാപാര ചരക്കുകൾക്ക് വിലകൂട്ടി ചോദിക്കരുത്. നിങ്ങൾ അല്ലാഹുവിന്റെ നിഷ്ക്കളങ്കരായ ദാസന്മാരിയിരിക്കുക.

സമുദായത്തിന്റെ അധഃപതനത്തിനും മൂല്യച്യുതിയ്ക്കും കാരണമാകാവുന്ന ഇത്തരം കാര്യങ്ങളൊക്കെ, ഇത്തരം അപകടങ്ങളൊക്കെ, പരാമർശ വിഷയമാക്കപ്പെട്ടിട്ടുണ്ട്. നമ്മുടെ സമുദായത്തിന് (ജമാഅത്തിൽ) പരസ്യമായ നിലയിൽ ഇത് പരാമർശിക്കപ്പെട്ടിട്ടുള്ളതാണ്-ആയതിനാൽ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ നാം, ഈ ഹദീസുകളുടെ വെളിച്ചത്തിൽ നമ്മുടെ പ്രവർത്തനങ്ങളെ നിരിക്ഷീക്കേണ്ടത് ആവശ്യമായ കാര്യമാകുന്നു. നാമിത് അപഗ്രഥിക്കുകയാണെങ്കിൽ, നമുക്ക് ദുഃഖത്തോടെ കാണുവാൻ കഴിയും. നമുക്ക് ഈ കാര്യത്തിൽ വളരെയധികം കാര്യങ്ങൾ ചെയ്യുവാനുണ്ടെന്ന്! നാം തമ്മിൽ വള

രെയധികം സംസ്ക്കരണം ഈ കാര്യത്തിൽ ചെയ്യാനുണ്ട് എന്ന് തിരിച്ചറിയും. കാരണം പരാമർശിത പ്രവാചക വചനങ്ങളിൽ, നല്ല ആളുകൾ എന്ന് കരുതുന്നവരിൽ പോലും ഇനിയും സംസ്ക്കരണം ആവശ്യമുണ്ട് എന്ന് തിരിച്ചറിയുന്നതാണ്. നല്ല ആളുകൾ പോലും ഇത്തരം കെണികളിൽ വീണു പോകുന്നതാണ്.

ഈ തിന്മകളുടെ വേരുകൾ ഉള്ളിടത്തോളം കാലം, എപ്പോഴൊക്കെയാണോ, അല്ലെങ്കിൽ ഏതു സമയത്താണോ കാലാവസ്ഥയ്ക്ക് മാറ്റം സംഭവിക്കുന്നത്, അപ്പോൾ ഈ ചീഞ്ഞചെടികൾ പ്രസ്തുത വേരുകളിൽ നിന്നും വളരുന്നതാണ്. ആയതിനാൽ ഹസ്രത് മുഹമ്മദ് മുസ്തഫ(സ) ഇത്തരത്തിലുള്ള എല്ലാ വേരുകളെകുറിച്ചും പരാമർശിച്ചിരിക്കുന്നു. ഇത് എല്ലായ്പ്പോഴും ഉണ്ടാകണമെന്നില്ല; എല്ലാ ആളുകളിലും ഉണ്ടാകണമെന്ന് നിർബന്ധവുമില്ല. പരാമർശിക്കപ്പെട്ട ഈ കാര്യങ്ങൾക്ക് വളർന്നു വരുവാനുള്ള കഴിവുണ്ട്, അത് വളരെ മോശം വൃക്ഷങ്ങളായി വളരാവുന്നതാണ്. ഒരു വൃക്ഷം ഇത്തരം ഫലങ്ങളെ ഉത്പാദിപ്പിച്ചാൽ അത് സ്വർഗ്ഗത്തിന് പകരം നരകത്തെ സൃഷ്ടിക്കുവാൻ കഴിയുന്നതാണ്. ആയതിനാൽ ഈ വൃക്ഷം നിരോധിക്കപ്പെട്ടിരിക്കുന്നു. കാരണം ഈ വൃക്ഷം സ്വർഗ്ഗത്തെ നമ്മിൽ നിന്നും അകറ്റിക്കളയുന്നതാണ്. നമ്മെ സംബന്ധിച്ചിടത്തോളം, നാം ജനങ്ങളെ സ്വർഗ്ഗത്തിലേക്ക് ക്ഷണിക്കുന്നവരാണ്. ഈ ലോകത്തുള്ള സ്വർഗ്ഗത്തിലേക്കു! അത്തരം ഒരു സ്വർഗ്ഗം നിങ്ങളിൽ ഉണ്ടെങ്കിൽ ഈ ലോകത്ത് നിങ്ങൾക്ക് മാറ്റം കൊണ്ടു വരുവാൻ കഴിയുന്നതാണ്. അത്തരം സ്വർഗ്ഗത്തിന് ഈ ലോകത്ത് മാറ്റം കൊണ്ടു വരുവാൻ കഴിയുന്നതാണ്. നമ്മുടെ ജമാഅത്തിൽ ഈ സ്വർഗ്ഗം സൃഷ്ടിക്കാതെ, നമുക്കെങ്ങനെയാണ് മറ്റുള്ളവരെ ഇതിലേക്ക് ക്ഷണിക്കുവാൻ കഴിയുന്നത്?

ചർച്ചകൾക്കുള്ള ഒരു സമയമുണ്ടായിരുന്നു. വാദമുഖങ്ങളിലൂടെ അഭിപ്രായ വ്യത്യാസങ്ങൾ ഇല്ലായ്മ ചെയ്യുന്ന ഒരു കാലവുമുണ്ടായിരുന്നു. എന്നാൽ ഇന്നത്തെകാലം നമ്മോട് ആവശ്യപ്പെടുന്നത് അതിനേക്കാൾ ഉപരി ആയതാണ്; അതായത് പ്രവർത്തിയിലൂടെ, നാം മനോഹരമായ ഒരു സമുദാ

യം, (ജമാഅത്ത്) സൃഷ്ടിക്കലാണത്. അത് നാം ഈ ലോകത്ത് സൃഷ്ടിച്ച് കാണിക്കണം, ജനങ്ങൾ അപ്പോൾ അതിലേക്ക് നോക്കുമ്പോൾ, അവർക്ക് മനസ്സിലാകണം ഇതൊരു ജന്നത്താണെന്ന്! അതിലൂടെ അവർ അതിൽ കേന്ദ്രീകരിക്കട്ടെ! അല്ലാത്ത പക്ഷം അവർക്ക് ശാന്തിയും സമാധാനവും ലഭിക്കുകയില്ല.

ഈ കാര്യങ്ങൾ, ഞാൻ പറഞ്ഞുകൊണ്ടിരിക്കുന്ന ഈ കാര്യങ്ങൾ, ഓരോ വീട്ടിലും സംഭവിച്ചുകൊണ്ടിരിക്കുന്ന സംഭവങ്ങൾ തന്നെയാണ്. ഈ കാര്യങ്ങൾ വൻനഗരങ്ങളിൽ മാത്രം സംഭവിക്കുന്ന കാര്യങ്ങളല്ല. അഥവാ ബുദ്ധിജീവികൾക്കിടയിൽ മാത്രം സംഭവിക്കുന്ന കാര്യങ്ങളുമല്ല. ഓരോ വ്യക്തിയുടെയും ജീവിതത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങളാണ്. തെരുവിൽ വളരുന്ന ഒരു കുട്ടി ആണെങ്കിലും ശരി! അവർക്കെല്ലാവർക്കും ഇതുമായി ഒരു ബന്ധമുണ്ട്! പാവപ്പെട്ടവനും പണക്കാർക്കുമിടയിൽ ഇതിന് വ്യത്യാസമൊന്നുമില്ല.

ആയതിനാൽ ശ്രദ്ധാപൂർവ്വം കേൾക്കുക. ഈ പറയപ്പെട്ട കാര്യങ്ങളിൽ നിന്നും നാം അകന്നു കഴിയേണ്ടവരാണ്. അങ്ങനെ ആയാൽ ജനങ്ങൾ നമ്മുടെ അടുത്തേക്ക് വരുന്നതാണ്. കാരണം അവർ നമ്മിൽ പ്രസ്തുത സ്വർഗ്ഗം കാണും. അല്ലാഹു(ത) സൃഷ്ടിക്കുവാൻ പറഞ്ഞ പ്രസ്തുത സ്വർഗ്ഗം നിങ്ങളിലൂടെ അവർ കാണും. നമ്മളെല്ലാവരും പെരുമാറുന്ന വഴിയിലൂടെയാണ് അവരത് കാണുന്നത്.

പ്രസ്തുത ഇസ്ലാം നിങ്ങളിലൂടെ പ്രതിബിംബിക്കുന്നു. നിങ്ങൾ അല്ലാഹുവിന്റെയും റസൂൽകരീം(സ)ന്റെയും മാർഗനിർദ്ദേശങ്ങൾ പിൻപറ്റുന്നതിലൂടെ! ആയതിനാൽ ഈ താത്കാലിക ലോകത്തിലെ നരകങ്ങളിൽ നിന്നും നിങ്ങൾ വളരെ അകലം പ്രാപിക്കുക. അപ്രകാരം ചെയ്യുന്നില്ലെങ്കിൽ, നമുക്ക് ഈ സ്വർഗ്ഗം ലഭിക്കുന്നതുമല്ല. ഈ മൂല്യവത്തായ സ്വർഗ്ഗം നമുക്ക് മറ്റുള്ളവർക്ക് നല്കുവാനും കഴിയുകയില്ല.

ബദ്സാനിയിൽ നിന്നും നാം സ്വയം അകന്നു നിന്ന് നമ്മെ സംരക്ഷിക്കുവാൻ പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ) നമ്മോട് പറയുന്നു. കാരണം ഇത് വളരെ മോശം തരത്തിലുള്ള ഒരു കള്ളമാകുന്നു. ഒരു വ്യക്തിയോട് നമുക്ക് മോശം വികാര

ങ്ങളുണ്ടാകുക എന്നത് സമുദായത്തിൽ സർവ്വസാധാരണമാണ്, അനേകം പ്രാവശ്യം ബദ്സാനിയും ഗീയ്ബത്തും ഉണ്ടാകുമ്പോൾ അത് കഥകളായി മാറും. അതു കെട്ടിച്ചമക്കപ്പെട്ടതും പ്രചരിപ്പിക്കപ്പെട്ടതുമായി മാറുന്നു. ഇന്ന ആള് ഇന്നതുപോലെ പറഞ്ഞു എന്ന് നിങ്ങൾ പറഞ്ഞു എന്ന് കരുതുക, അല്ലെങ്കിൽ ചെയ്തു എന്ന് പറഞ്ഞു എന്ന് കരുതുക. ഇത് കേട്ട ഒരാൾ മറ്റൊരാളോട് പറയുമ്പോൾ ഇതിന് മാറ്റം വരും. അയാൾ അയാളുടേതായ രീതിയിലായിരിക്കും പറയുക. ഇതു സംബന്ധമായി നിങ്ങളൊരന്വേഷണം നടത്തുകയാണെങ്കിൽ നിങ്ങൾ അത്ഭുതപെട്ടുപോകും. ഈ വാർത്ത അപ്പാടെ കള്ളമാണ് എന്ന് തിരിച്ചറിവിലായിരിക്കും നിങ്ങൾ എത്തിച്ചേരുക

ഉദാഹരണമായി പറഞ്ഞാൽ ഒരാൾ ഒരാളോട് മറ്റൊരാളെ കുറിച്ച് എന്തോ ചിലതു പറഞ്ഞു. അയാൾ പറഞ്ഞതു മുഴുവൻ കള്ളമാണെന്ന് മനസ്സിലാക്കുകയും ചെയ്തു. അന്വേഷണത്തിന്റെ ഭാഗമായി ഞാൻ അയാളോട്  ഇത് സംബന്ധമായി കൂടുതൽ വിവരങ്ങൾ ആരായുകയാണെങ്കിൽ, അപ്പോൾ എനിക്ക് അയാളിൽ നിന്നും കിട്ടുക അത്യത്ഭുതകരമായ കാര്യമായിരിക്കും. അയാൾ നിരപരാധിയെപോലെ അഭിനയിക്കും, അയാളെന്താണോ പറഞ്ഞത് അത് സത്യമാണെന്ന് പറയും. എന്നാൽ മറ്റേ ആളാണ് വേണ്ടാത്ത കാര്യങ്ങളൊക്കെ ചേർത്ത് പറഞ്ഞത് എന്നായിരിക്കും ഉത്തരം. എന്നാൽ ആ നിമിഷത്തിൽ, ഞാൻ സത്യം എന്താണെന്ന് തിരിച്ചറിഞ്ഞിരുന്നുവെങ്കിൽ, ഞാൻ പ്രസ്തുത ആളിന്റെ സത്യമല്ലാത്ത കാര്യങ്ങളായിരിക്കും മറ്റേ ആളെകുറിച്ച് അറിയുക. ഞാൻ ഈ കാര്യത്തിൽ മുൻകരുതൽ എടുക്കുന്നില്ലെങ്കിൽ, ഞാൻ അയാളുടെ കെണിയിൽ വീണുപോകുമായിരുന്നു. ഞാൻ അവനിൽ വിശ്വസിച്ചു പോകും, മറ്റേ ആളെ കുറിച്ച് തെറ്റായി കരുതുകയും ചെയ്യുമായിരുന്നു. ഇയാൾ പറഞ്ഞു കൊണ്ടിരുന്ന കാര്യം മറ്റേ ആൾ ചെയ്തു എന്ന് ഞാൻ കരുതുകയും ചെയ്യുമായിരുന്നു. ഞാൻ കേട്ട ഈ വാക്കുകൾ ഞാൻ പറഞ്ഞു നടക്കുകയാണെങ്കിൽ അതായത് ഞാൻ പറയുന്നത് ഞാൻ കേട്ട കാര്യങ്ങൾ മാത്രമാണ്, അപ്പോൾ ഞാൻ പറയുന്നത് കള്ളമല്ലല്ലോ. കാരണം ഞാൻ കേട്ടതു മാത്രമെ പറ

യുന്നുള്ളൂ എന്ന് സാരം. എന്നാൽ ഇത് സംബന്ധമായി ഹസ്രത് മുഹമ്മദ് മുസ്തഫ(സ) പറഞ്ഞത്. ഇത് ഏറ്റവും മോശപ്പെട്ട കള്ള മാകുന്നു എന്നാണ്. ഈ ഊഹം അത് സ്വയമേവ തന്നെ കള്ള മാകുന്നു. (കിട്ടിയവാർത്ത ശരിയല്ലാതിരിക്കുക. സംഭവിച്ച കാര്യ ങ്ങളെകുറിച്ചുള്ള വെറും ഊഹങ്ങൾ മാത്രമാണ്) നിങ്ങൾക്ക് ഒരാ ളോട് നീരസമുണ്ടെന്നിരിക്കട്ടെ, നിങ്ങളത് മറ്റുള്ളവരിലേക്ക് കൈമാറ്റം ചെയ്തു, ഈ വാക്കുകൾ സത്യമാണെന്ന് നിങ്ങൾക്കെങ്ങനെ കരുതുവാൻ കഴിയും?

ആയതിനാൽ നിങ്ങൾ ചെയ്ത ഈ ദുഷിട്ട നടപടി മറ്റേ ആളും ചെയ്തു എന്ന് കരുതുക. അയാൾക്കും നിങ്ങളോട് പകയുണ്ടെന്നു കരുതുക. അയാളും തെറ്റായ വാർത്തകൾ പ്രചരിപ്പിക്കുന്നതിനുള്ള ശ്രമം തുടങ്ങി എന്നും കരുതുക. അപ്പോൾ നിങ്ങളെ സംബന്ധിച്ചിടത്തോളം, നിങ്ങൾ ഇതു സംബ ന്ധമായി വിശദമായ അന്വേഷണം നടത്തുന്നില്ലെങ്കിൽ, നിങ്ങ ളുടെ മറ്റുള്ളവരിലേക്ക് ഈ വാർത്ത വ്യാപിപ്പിക്കുവാൻ ശ്രമി ക്കുന്നതാണ്. അപ്പോൾ നിങ്ങൾ നിങ്ങളുടേതായ നിഗമനങ്ങ ളിൽ എത്തുന്നതാണ്. ഇത് വളരെ മോശമായ ഒരു പ്രവർത്തി യാണ്. ഇത് ഹസ്രത് മുഹമ്മദ് മുസ്തഫ(സ) യുടെ അധ്യാപന ങ്ങൾക്ക്, വിരുദ്ധവുമാണ്. കാരണം സമുദായം ഈ മോശപ്പെട്ട കാര്യങ്ങളിൽ വ്യാപൃതരായിരിക്കുകയാണ്; അങ്ങനെ നാശ ത്തിന്റെ വക്കിലകപ്പെട്ടിരിക്കുന്നു. ഇത്തരം ബദ്സാനികളിൽ, സമൂഹത്തിലെ ബുദ്ധിജീവികളെന്നവകാശപ്പെടുന്നവരുൾപ്പടെ അകപ്പെട്ടിരിക്കുകയാണ്. മതത്തിൽ നല്ല അറിവുണ്ട് എന്നു കരുതുന്നവരുൾപ്പടെ ഈ മോശം പ്രവർത്തിയിൽ വീണുകിട ക്കുകയാണ്.

അതുകൊണ്ടാണ് ഹസ്രത് മുഹമ്മദ് മുസ്തഫ(സ) മറ്റു ള്ളവരുടെ തെറ്റുകുറ്റങ്ങൾ അന്വേഷിച്ചു നടക്കരുതെന്നും നിങ്ങൾ അത്തരം കാര്യങ്ങളിൽ നിന്ന് അകലം പ്രാപിക്കണ മെന്നും ഉപദേശിച്ചിരിക്കുന്നത്. ഇതുപോലുള്ള മറ്റനേകം കുഴപ്പ ങ്ങൾ സമുദായത്തിൽ നമുക്ക് കാണുവാൻ കഴിയും, വിശിഷ്യാ നമ്മുടെ സമുദായ (ജമാഅത്ത്)ത്തിൽ, ഇതൊരു മോശം പ്രവർത്തിതന്നെയാണ്, നാമിത് ആഴത്തിൽ അപഗ്രഥനം

ചെയ്താൽ, ഇതിന്റെ കാരണം നിങ്ങൾക്ക് കണ്ടുപിടിക്കുവാൻ സാധിക്കുന്നതാണ്. ഒരാൾ സമൂഹത്തിൽ മറ്റൊരാളെ കാണുന്നു. അയാൾക്ക് വളരെ വലിയ കഴിവുകളുണ്ട്. അയാളുടെ കഴിവിനോടൊപ്പം ഇയാൾക്ക് എത്തുവാൻ കഴിയുന്നില്ല. അപ്പോൾ അയാൾക്ക് മറ്റേ ആളിനോട് അസൂയ ഉണ്ടാകുന്നു. അയാളെ തേജോവധം ചെയ്യുന്നതിനായി അയാളെപറ്റി ആക്ഷേപങ്ങൾ തൊടുത്തുവിടുന്നു. അയാൾ നല്ല പ്രവർത്തികളിൽ പുരോഗമിച്ചു കൊണ്ടിരിക്കുകയുമാണ്. അതുകൊണ്ടാണ് അസൂയാലു പ്രസ്തുത വ്യക്തിയുടെ ന്യൂനതകൾ തേടുന്നത്. അവൻ കരുതുന്നത് ഈ വ്യക്തി ഈ പദവിയിലിരിക്കുന്നിടത്തോളം കാലം, ഞാൻ അയാളുടെ തെറ്റുകൾ കണ്ടുപിടിക്കുന്നതിനുള്ള ശ്രമത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കും, ഞാൻ സമുദായത്തോട് അയാളുടെ യഥാർത്ഥമുഖം എന്താണെന്ന് നോക്കു എന്ന് പറഞ്ഞുകൊണ്ടിരിക്കുന്നതാണ്.

ഇത്തരം മോശമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു കൊണ്ടിരിക്കുന്നവർ ആരായാലും ശരി, അവരിൽ ഒരു ദുഷ്ചിന്തകുടികൊള്ളുന്നുണ്ട്, ഇനി അയാൾ പ്രസ്തുത വ്യക്തിയിൽ എന്തെങ്കിലും ദോഷം കണ്ടെത്തിയാൽ തന്നെ, അല്ലാഹുവും അവന്റെ ദൂതനും അത് വ്യാപിപ്പിക്കുവാൻ അവന് അനുവാദം നല്കുന്നില്ല. ഇസ്ലാമിക സമൂഹം ഇത്തരം വാർത്തകൾ പരത്തുവാൻ അനുവാദം നല്കുന്നില്ല, നിങ്ങൾക്ക് അതിനുള്ള അവകാശമില്ല. അതു പരസ്യമാക്കുവാനുള്ള അധികാരവുമില്ല. നിസാമെ ജമാഅത്തുമായി ബന്ധപ്പെട്ട ഉത്തരവാദപ്പെട്ട ആളുകളെ നിങ്ങൾ അറിയിക്കുക എന്നത് നിങ്ങളുടെ ഉത്തരവാദിത്വമാണ് (അങ്ങനെ ആയാൽ അവർക്കാവശ്യമായ ശിക്ഷണം ഈ കാര്യത്തിൽ അവർ നല്കുന്നതാണ്) എന്നാൽ നിങ്ങൾ പറയേണ്ടത് സത്യം മാത്രമായിരിക്കണം.

ആരംഭത്തിൽതന്നെ അല്ലാഹു(ത)യും റസൂൽകരീം(അ) ഈവാർത്ത പൊതുജനങ്ങളിൽ വ്യാപിപ്പിക്കുന്നതിൽ നിന്നും നിങ്ങളെ തടയുകയുണ്ടായി മറിച്ച് ഇതിന് അല്ലാഹു(ത)യും അവന്റെ റസൂൽ(സ) 80 അടി ഇത്തരം വ്യാജ വാർത്തപ്രചാരകർക്ക് നല്കുവാനും നിശ്ചിയിക്കുകയുണ്ടായി. നിങ്ങൾ പറ

ഞ്ഞത് യഥാർത്ഥത്തിൽ സംഭവിച്ചോ ഇല്ലയോ എന്നതിന്റെ അടിസ്ഥാനത്തിലാണത്. ഖുർആൻ മുന്നോട്ട് വെച്ച വ്യവസ്ഥകൾ, സാക്ഷിയും മറ്റും അവ പൂർത്തീകരിക്കുന്നില്ലെങ്കിൽ, നിങ്ങൾ വ്യാപിപ്പിക്കുവാൻ പാടില്ലാത്ത വാർത്തകൾ വ്യാപിപ്പിച്ചെങ്കിൽ, നിങ്ങൾക്ക് 80അടി ശിക്ഷയ്ക്ക് അർഹരാണ്, നിങ്ങൾ ഈ കാര്യത്തിൽ പരിധി ലംഘിക്കരുത്. അതിൽ നിങ്ങൾ ജാഗ്രതയുള്ളവരായിരിക്കണം. മറ്റുള്ളവരെകുറിച്ച് മോശം വിചാരമുള്ളവർ, ഒരു സാഹചര്യത്തെ മോശമായി കാണുന്നവർ, അവർ മോശം ചിന്തകൾക്ക് ജന്മം നല്കുകയാണ്, അവർ ഊഹോപോഹങ്ങൾക്ക് വഴി ഒരുക്കുന്നു. അവർ എതിർദിശയിൽ ചിന്തിക്കുന്നവരാണ്. (നന്മയ്ക്കെതിരിൽ ചിന്തിക്കുന്നവർ) എന്നിട്ട് അവരുടെ തന്നെ സന്തോഷത്തിനായി, അവർ സമുദായത്തിൽ പരത്തുകയും, അങ്ങനെ സമുദായം മുഴുവൻ വിഷമയമാക്കിതീർക്കുകയും ചെയ്യുന്നു.

നല്ല കാര്യങ്ങൾ ഉണ്ടാകുന്നതിനായി, നിങ്ങൾ ദുരാഗ്രഹം വളർത്തരുത്. ഈ രണ്ടു കാര്യങ്ങൾ എങ്ങനെയാണ് ബന്ധപ്പെട്ടിരിക്കുന്നതെന്നു നോക്കുക. മറ്റുള്ളവരുടെ രഹസ്യങ്ങൾ ചോർത്തുകയും, നല്ല കാര്യങ്ങൾ ഉണ്ടാകുന്നതിനുള്ള അതിയായ ആഗ്രഹവും പരസ്പര ബന്ധിതാണ്. ഇതിൽ മനശാസ്ത്രപരമായ ഒരു സൂചന അടങ്ങിക്കിടക്കുന്നു, അത് ഞാൻ നിങ്ങൾക്കായി വിശദീകരിക്കുകയാണ്. ഒരാൾക്ക് ഒരു നല്ല കാര്യം/വസ്തുത ഉള്ളതായി നിങ്ങൾ കാണുന്നു. പ്രസ്തുത കാര്യം/വസ്തു നിങ്ങൾക്കും വേണമെന്നുള്ള ഒരാഗ്രഹം നിങ്ങൾക്കുണ്ടാകുന്നു. അതു മാന്യത ആകട്ടെ അഥവാ വസ്തുവകകളാകട്ടെ അല്ലെങ്കിൽ ഭൗതികമായ എന്തെങ്കിലും സ്ഥാനമാനങ്ങളാകട്ടെ! മറ്റൊരാൾക്ക് ഇത് നിങ്ങൾ കണ്ടിട്ട് നിങ്ങളും അതു നേടുവാൻ ആഗ്രഹിക്കുന്നു. ഈ തൃഷ്ണ, നിങ്ങളെ പലപ്പോവും സമ്മർദ്ദത്തിൽപെടുത്തന്നു. അയാളോട് പ്രതികാരം ചെയ്യുന്നതിനായി നിങ്ങൾ നിർബന്ധിതനായി തീരുന്നു. അതിൽപെടുന്ന, ഒരു രീതിയിലുള്ള പ്രതികാരമാണ്, അവനിലുള്ള കുറവുകൾ കണ്ടെത്തുക എന്നത് എന്നിട്ട് അത് സമുദായത്തിൽ വ്യാവിപ്പിക്കുക എന്നതും.

എന്നിട്ടവൻ പറയും അവന് അസൂയയൊന്നുമില്ലാ എന്ന്!

നിങ്ങൾ മറ്റൊരു വ്യക്തിയിൽ നല്ല കാര്യങ്ങൾ കാണുകയാണെങ്കിൽ, നിങ്ങൾ നിങ്ങളുടെ ഹൃദയത്തിൽ അസൂയയെ പോഷിപ്പിക്കുന്നു (മറ്റൊരുവാക്കിൽ പറഞ്ഞാൽ നിങ്ങൾ അസൂയയെ നിങ്ങളുടെ ഹൃദയത്തിൽ പോഷിപ്പിക്കുന്നില്ല. നമ്മുടെ പ്രകൃതിയിൽ എല്ലാത്തിന്റെയും സാന്നിധ്യമുണ്ട്. (അതായത് മനുഷ്യ പ്രകൃതിയിൽ)രണ്ട് സ്വഭാവങ്ങൾ നമ്മിലുണ്ട്, അവ രണ്ടും ഹസ്രത് മുഹമ്മദ് മുസ്തഫ(സ) പ്രസ്തുത രണ്ട് സ്വഭാവങ്ങളും അഥവാ രണ്ടു വീക്ഷണങ്ങളും നമ്മുടെ മുൻപാകെ പരാമർശിച്ചിട്ടുണ്ട്. ഒന്നാമത്തേത്, ഈ പ്രവാചകവചനത്തിൽ പരാമർശിച്ച നിലയിലുള്ളതാണ്, അതായത് ഒരാൾ മറ്റൊരാളിൽ നന്മ കാണുന്നു. നിങ്ങൾ അത് നോക്കി കാണുന്നു. അയാൾ നിങ്ങളെക്കാൾ ശ്രേഷ്ഠനാണെന്ന് കരുതുന്നു. ഈ നന്മ അവനിൽ നിങ്ങൾ കണ്ടെത്തുമ്പോൾ, അത് നിങ്ങൾക്ക് വളരെ വലിയ ദുഃഖത്തിന് കാരണമാകുന്നു. ഏതെങ്കിലും ഒരു വികാരം ഇതിലൂടെ നിങ്ങളിൽ നാമ്പിടുന്നുവെങ്കിൽ, അത് അസൂയയിലുടെയാണ്. ഇതു കാണുമ്പോൾ നിങ്ങൾക്ക് സന്തോഷമാണ് ഉണ്ടാകുന്നതെങ്കിൽ, പ്രസ്തുത ഇഛ നിങ്ങളിലേക്ക് ഉണ്ടാകുന്നത്, നിങ്ങൾ പ്രസ്തുത വ്യക്തിയെ പോലെ ആയിതീരുന്നതിനാണ്. അത് അസൂയമൂലമുള്ള കാര്യമല്ല. (അദ്ദേഹത്തിന് യാതൊരു ബുദ്ധിമുട്ടും വരുത്താതെ, അദ്ദേഹത്തെപോലെ ആയിതീരുവാനുള്ള ആഗ്രഹം! നിങ്ങൾ സത്യത്തിൽ അദ്ദേഹത്തിന്റെ കാര്യത്തിൽ സന്തോഷവാനാണ്) ഈ ആഗ്രഹം പ്രകടിപ്പിക്കുന്നതിനെ ഹസ്രത് മുഹമ്മദ് മുസ്തഫ സ) തടഞ്ഞിട്ടില്ല. പ്രസ്തുത വ്യക്തിയെ പോലെ നിങ്ങൾക്കും ചെയ്യാവുന്നതാണ്. എന്നാൽ അസൂയ സംബന്ധമായി വളരെയധികം ഊന്നൽ നല്കിയിട്ടുണ്ട്. മുന്നറിയിപ്പ് നല്കിയിട്ടുണ്ട്. താക്കീത് നല്കിയിട്ടുണ്ട്. അസൂയാലുവാകുന്നതിൽ നിന്നും അദ്ദേഹം നമ്മെ തടഞ്ഞിട്ടുണ്ട്. (ആരോഗ്യപൂർണ്ണമല്ലാത്ത അസൂയ) നിങ്ങളുടെ സഹോദരങ്ങളെ നിങ്ങൾ നല്ല നിലയിൽ കണ്ടെത്തുകയാണെങ്കിൽ, അപ്പോൾ നിങ്ങൾക്ക് ഹൃദയത്തിൽ സന്തോഷവികാരം അവരെപറ്റി അനുഭവപ്പെടുന്നുവെങ്കിൽ, അപ്പോൾ നിങ്ങൾക്ക് നിങ്ങളുടെ ഹൃദയത്തെപ്പറ്റി ആഴത്തിലുള്ള

ഒരു അപഗ്രഥനം നടത്താവുന്നതാണ്. നിങ്ങൾക്ക് മാത്രമെ അത് അറിയുവാൻ കഴിയുകയുള്ളു. പ്രസ്തുത വ്യക്തിയെപറ്റി നിങ്ങൾ പ്രകടമാക്കിയ സന്തോഷം യഥാർത്ഥ സന്തോഷമായിരുന്നോ അതോ നാട്യ സന്തോഷമായിരുന്നോ അതോ അല്ലയോ എന്ന്! അതോ നിങ്ങളുടെ ഹൃദയത്തിന്റെ ഉള്ളറകളിൽ അസൂയ ഉണ്ടായിരുന്നോ എന്ന് നിങ്ങൾക്ക് മാത്രം അറിയാവുന്ന കാര്യമാണ്. ഒന്നുകിൽ അസൂയ അല്ലെങ്കിൽ യഥാർത്ഥ സന്തോഷം. പ്രസ്തുത സന്തോഷം നാട്യത്തിൽ നിന്നും ഉണ്ടാകുന്നതല്ല. പ്രസ്തുത വ്യക്തിയെപറ്റി അതു നിങ്ങളുടെ ഹൃദയത്തിന്റെ ആഴങ്ങളിൽ നിന്നും വരുന്നതാണ്. അദ്ദേഹത്തെ പറ്റി നിങ്ങൾക്ക് യഥാർത്ഥ സന്തോഷം ഉണ്ടെങ്കിൽ, നിങ്ങൾ അദ്ദേഹത്തിന്റെ മാതൃക പിന്തുടരുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, ഒരല്പവും അസൂയയില്ലാതെ പിന്തുടരുക.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ, അല്ലാഹു(ത) എനിക്ക് ഈ വസ്തുതകൾ നല്ല നിലയിൽ മനസ്സിലാക്കുവാനുള്ള തൗഫീഖ് ചെയ്തിരിക്കുകയാണ്. വിശിഷ്യാ അഹ്മദിയ്യാ ജമാഅത്തിനു വേണ്ടി അല്ലാഹുവിന്റെ സഹായത്താൽ സമീപ ദ്വീപുകളിൽ ഞാൻ ജോലിചെയ്തിരുന്നപ്പോൾ! അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഓരോ ദ്വീപിലും പ്രസ്തുത ജോലി വിജയപ്രദമാകുകയും ചെയ്തു. ഞാൻ തിരിച്ച് മാതൃരാജ്യത്തിലേക്ക് എത്തിചേർന്നപ്പോൾ അഹ്മദിയ്യ ജമാഅത്ത് അംഗങ്ങൾ എന്നെ കാണുവാൻ വരികയുണ്ടായി. അവർ എന്നെ അഭിനന്ദനങ്ങൾ കൊണ്ട് പൊതിയുകയുണ്ടായി. അവരെന്നെ ആദരിക്കുകയുണ്ടായി . അവരിൽ യഥാർത്ഥത്തിൽ അഭിനന്ദിച്ചതാരാണെന്നും അങ്ങനെ ചെയ്യാത്തവരാരാണെന്നും അല്ലാഹുവിന്റെ സഹായത്താൽ മനസ്സിലാക്കുവാനുള്ള കഴിവ് അവൻ എനിക്ക് നല്കുകയുണ്ടായി, ചുണ്ടുകളിൽ പ്രകടിപ്പിച്ചതാരാണെന്നും ഹൃദയംകൊണ്ട് പ്രകടിപ്പിച്ചതാരാണെന്നും മനസ്സിലാക്കുവാനുള്ള തൗഫീഖ് അവൻ എനിക്കു നല്കുകയുണ്ടായി. 2001 ആരംഭത്തിൽ സംഭവിച്ചത് അതുതന്നെയാണ്. ഈ ആളുകളാണ് മുന്നോട്ടു വന്നത്. അത് ഞാൻ എപ്പോഴും

എന്റെ ഹൃദയത്തിന്റെ ഒരു മൂലയിൽ സൂക്ഷിച്ചിട്ടുണ്ട്. ജുംആയ്ക്ക് ശേഷമുള്ള അറിയിപ്പിൽ! വിജയത്തെപറ്റി അവർ പരാമർശിക്കുകയുണ്ടായി! എനിക്ക് ദ്വീപുകളിൽ ലഭിച്ച വിജയത്തെകുറിച്ച്! ഞാൻ മൗറിഷ്യസിൽ എത്തിയപ്പോൾ, എനിക്ക് ഈ കാര്യം നല്ല നിലയിൽ മനസ്സിലായി. കാരണം ഒരുശബ്ദം കർണപുടത്തിൽ മെല്ലെ പതികയുകയുണ്ടായി. ഏതൊരു മിമ്പറിൽ വെച്ച് നിന്നെ അവർ പുകഴ്ത്തിയോ അതേ മിമ്പറിൽ വെച്ച് നിന്നെ അവർ പരിഹസിക്കുന്നതുമാണ്. ഇതു തീർത്തും കാപട്യം തന്നെയാണ്.

അതുമുതൽ, ഓരോ പ്രാവശ്യവും ഞാൻ നാട്ടിലേക്ക് മടങ്ങിവരുമ്പോൾ, എന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള പ്രഖ്യാപനങ്ങൾ ഉണ്ടാകുമ്പോൾ എനിക്കൊരു വെറുപ്പ് അനുഭവപ്പെടുകയുണ്ടായി. അല്ലാഹു(ത)യുടെ സന്ദേശം വർഷങ്ങൾക്ക് ശേഷം സത്യമായി പുലരുകയുണ്ടായി. അവരുടെ കാര്യം സത്യമായി തീരുകയും ചെയ്തു. ഇന്ന് ഒരു അസാധാരണ ദിവസമാണ്. (06 ഡിസംബർ 2019) ചരിത്രപരമായ ഒരു തീയതി അടയാളപ്പെടുത്തുന്ന തീയതിയാണിത്-അതായത് 06 ഡിസംബർ 2003-അല്ലാഹു(ത) എന്നെ മുഹ്‌യിദ്ദീനായി ഉയർത്തിയ ദിനമാണിത്, അവന്റെ വാഗ്ദാനം അവർ പൂർത്തീകരിക്കുകയുമുണ്ടായി. അതുകൊണ്ട് ഞാനിതാ വിശ്വാസികൾക്ക് മുന്നറിയിപ്പ് നല്കുന്നു. ജമാഅത്തിനു മൊത്തത്തിലും മുന്നറിയിപ്പ് നല്കുകയാണ്. തിന്മകൾ പ്രകടമായിക്കൊണ്ടിരിക്കുകയാണ്! ജാഗ്രതയിലായിരിക്കുക. അങ്ങനെയായാൽ നിങ്ങൾക്കെല്ലാവർക്കും നരകത്തിൽ നിന്നും രക്ഷപെടാം. നിങ്ങൾക്ക് സ്വർഗ്ഗം ലഭിക്കുകയും ചെയ്യും. അത് മരണാനന്തരം മാത്രമല്ല. ഇവിടെയും നിങ്ങൾക്ക് പ്രസ്തുത സ്വർഗ്ഗം ലഭിക്കാം. ഞാൻ വന്നത് എന്റെ മാത്രം നേട്ടത്തിനു വേണ്ടിയല്ല. മറിച്ച് അല്ലാഹുവാണ്, അവൻ എന്നെ, അവന്റെ തെരഞ്ഞെടുത്ത ദാസനാക്കിയത്. വിശ്വാസപരിഷ്ക്കർത്താവായി എന്നെ അവൻ നിയമിച്ചിരിക്കുകയാണ്. ഇസ്ലാമിനെയും മാനവകുലത്തെയും സമൃദ്ധരിക്കുന്നതിനായി മനുഷ്യ ഹൃദയങ്ങളിലും

മനുഷ്യാത്മക്കളിലും ശാന്തി പകരുന്നതിനായി!

ഖുത്തുബ അവസാനിപ്പിക്കുന്നതിനു മുൻപ്, ഈ ചരിത്രപരമായ തീയതിയെ അനുസ്മിരച്ചുകൊണ്ട് കത്തെഴുതിയ അനുചരന്മാരായ എല്ലാവർക്കും ഞാൻ നന്ദി രേഖപ്പെടുത്തുന്നു. അവരുടെ പ്രാർത്ഥകൾക്ക് ഞാൻ നന്ദി പറയുന്നു. അവർ പ്രകടിപ്പിച്ച സ്നേഹത്തിനും നന്ദി പറയട്ടെ! വളരെയധികം പ്രയാസങ്ങൾക്കും പ്രതികൂല സാഹചര്യങ്ങൾക്കും ശേഷം ഇപ്പോഴിതാ അല്ലാഹു(ത) വളരെയധികം അനുഗ്രഹങ്ങൾ ഇറക്കിയിരിക്കുന്നു. നിഷ്ക്കളങ്കരായവരോടടൊപ്പം ഈ ആഹ്ലാദം പങ്കിടുന്നതിൽ സന്തോഷമുണ്ട്. അല്ലാഹുവിനോടും ഖലീഫത്തുല്ലാഹ്‌യോടും കാണിക്കുന്ന സ്നേഹത്തിന്, സത്യത്തോട് കാണിക്കുന്ന സ്നേഹവായ്പിന്, അല്ലാഹു(ത) ഈ നൂറ്റാണ്ടിൽ ചൊരിഞ്ഞ അനുഗ്രഹങ്ങൾക്ക് നമുക്ക് നന്ദി പ്രകാശിപ്പിക്കാം.

ലോകത്തിലെ നിഷ്ക്കളങ്കരായ എല്ലാ എന്റെ അനുചരന്മാരെയും അല്ലാഹു(ത) അനുഗ്രഹിക്കട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. അല്ലാഹു(ത) തുടർന്നും നിങ്ങളുടെ വിശ്വാസത്തെ ശക്തിപ്പെടുത്തട്ടെ എല്ലാ തിന്മകളിൽ നിന്നും അല്ലാഹു(ത) നിങ്ങളെ വിദൂരതയിലാക്കട്ടെ. അല്ലാഹു(ത)യും അവന്റെ ദൂതൻ ഹസ്രത് മുഹമ്മദ് മുസ്തഫ(സ)യും മുന്നറിയിപ്പ് നല്കിയ എല്ലാ തിന്മകളിൽ നിന്നും ദൂരം പ്രാപിക്കുവാൻ അവൻ സഹായിക്കട്ടെ. ഇപ്പോൾ ഇതാ നമ്മളിൽ നിക്ഷിപ്തമായ ഒരു കാര്യം ഉണർത്തുകയാണ്. സഹീഹിൽ ഇസ്ലാമിലെ മുസ്ലിംകൾ, ഈ അനുഗ്രഹീതമായ ജോലി ഏറ്റെടുക്കുക എന്നിട്ട് ജനങ്ങളെ ഈ ലോകത്തിലെ സ്വർഗ്ഗത്തിലേക്ക് നയിക്കുക, എന്നിട്ട് മരണശേഷമുള്ള അനന്തസ്വർഗ്ഗത്തിലേക്കും (അവരെ നയിക്കുക) ഇൻശാ അല്ലാഹ് ! ആമീൻ.




*Translated & Issued By :*
*Mukarram R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*